**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 113/2024**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

കർത്താവിൽ പ്രിയരെ,

ദൈവകൃപയിൽ പരിപൂർണ്ണമായി ആശ്രയിച്ച്, ഏറെ സന്തോഷത്തോടുകൂടി കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ നിങ്ങളെ നാം അറിയിക്കുന്നു:

പത്തുവർഷം സഭയുടെ വൈദികട്രസ്റ്റിയായും, മുപ്പത്താറു വർഷത്തോളം കോട്ടയം വൈദിക സെമിനാരി അദ്ധ്യാപകനായും, ആയതിൽ രണ്ടു വർഷം സെമിനാരിയുടെ പ്രധാന അദ്ധ്യാപകനായും, മറ്റനേകം വിധത്തിലും സേവനമനുഷ്ടിച്ചശേഷം ഇപ്പോൾ നമ്മുടെ പ്രിൻസിപ്പൽ സെക്രട്ടറിയായി പ്രവർത്തിക്കുന്ന, പാമ്പാക്കുട സെ. ജോൺസ് എഫേസോസ് വലിയപള്ളി ഇടവകാംഗം, പരേതനായ മലങ്കര മൽപ്പാൻ കോനാട്ട് അബ്രഹാം കശീശായുടെയും മറിയാമ്മയുടെയും പുത്രൻ ജോൺസ് എബ്രഹാം കശീശായെ, 2024 ഏപ്രിൽ 30 ചൊവ്വാഴ്ച പാമ്പാക്കുട വലിയപള്ളിയിൽ വച്ച് മലങ്കര മൽപ്പാനായി നാം കൽപ്പിച്ച് പ്രഖ്യാപിച്ചിരിക്കുന്നു.

കോനാട്ട് ജോൺസ് എബ്രഹാം കശീശായുടെ നാളിതുവരെയുള്ള സഭാസേവനവും, പരിശുദ്ധ സഭയുടെ ആരാധനാ കാര്യങ്ങളിലുള്ള ആത്മാർത്ഥമായ താത്പര്യവും, സുറിയാനി ഭാഷയിലുള്ള പാണ്ഡിത്യവും, കാനോൻ വൈദഗ്ദ്ധ്യവും, സഭയുടെ വി. കൂദാശകളെക്കുറിച്ച് അദ്ദേഹം രചിച്ച വ്യാഖ്യാനങ്ങളും, എല്ലാം സമഗ്രമായി പരിഗണിച്ച് മലങ്കര ഓർത്തഡോക്സ് സഭയുടെ **'മലങ്കര മൽപ്പാൻ'** പദവി നൽകി ആദരിക്കുന്നത് ഉചിതമായിരിക്കുമെന്ന് ദൈവാത്മാവിൽ നമുക്ക് ബോധ്യമാവുകയും, ഈ താത്പര്യം 2024 ഫെബ്രുവരി മാസത്തിൽ സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിൽ വച്ച് നമ്മുടെ അഭിവന്ദ്യ പിതാക്കന്മാരുമായി പങ്കുവയ്ക്കുകയും എല്ലാവരും ഏകമനസ്സോടെ അതിൽ സന്തോഷം അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്.

ആകയാൽ മലങ്കര മൽപ്പാൻ സ്ഥാനത്തോട് അനുബന്ധിച്ച് നൽകിവരുന്ന സഭയുടെ ഉപഹാരമായ സ്വർണ്ണ പതക്കവും, ഇടക്കെട്ടിൽ ഉചിതമായ മുദ്രയും, പുതിയ മൽപ്പാന് നാം നൽകിയിരിക്കുന്നു.

*(മറുപുറം)*

അതോടൊപ്പം അഭിനവ മലങ്കര മൽപ്പാന് ''റീശ് കോറെപ്പിസ്ക്കോപ്പ'' അഥവാ ''ആർച്ച് കോറെപ്പിസ്ക്കോപ്പ'' എന്ന പ്രത്യേക സ്ഥാനംകൂടി നൽകുന്നകാര്യം, സകലത്തിലും വിശുദ്ധനും വന്ദ്യനും ജീവൻ നൽകുന്നവനുമായ ത്രിയേക ദൈവത്തിന്റെ സന്നിധിയിൽ നാം സമർപ്പിച്ച് വേണ്ട ദർശനം നൽകണമെന്ന് മുട്ടിപ്പായി പ്രാർത്ഥിച്ചതിന്റെ ഫലമായി പ്രസ്തുത കാര്യം സർവ്വദാ ആദരണീയമാകുന്നു എന്ന് ആത്മാവിൽ നമുക്കു ബോധ്യപ്പെട്ടതിനാൽ അദ്ദേഹത്തിന് ബലഹീനനായ നമ്മുടെ കരങ്ങൾ വഴിയായി ബഹുമാന്യമായ **''റീശ് കോറെപ്പിസ്ക്കോപ്പ''** അഥവാ ''ആർച്ച് കോറെപ്പിസ്ക്കോപ്പ'' സ്ഥാനം നൽകുകയും, തദവസരത്തിൽ സന്നിഹിതരായിരുന്ന സർവ്വരും ചേർന്ന് ഏകകണ്ഠമായി ഉച്ചസ്വരത്തിൽ അദ്ദേഹം പ്രസ്തുത സ്ഥാനത്തിന് യോഗ്യനാകുന്നു എന്ന അർത്ഥത്തിൽ ''ഒക്സിയോസ്, ഒക്സിയോസ്, ഒക്സിയോസ്'' എന്ന് മൂന്നു പ്രാവശ്യം ഉച്ചത്തിൽ പറയുകയും ചെയ്തിരിക്കുന്നു. കോനാട്ട് ജോൺസ് കശീശയെ റീശ് കോറെപ്പിസ്ക്കോപ്പയുടെ സമുന്നതമായ പദവിയിലേക്ക് വിളിച്ചടുപ്പിച്ച ത്രിയേക ദൈവത്തിന്റെ അനന്തമായ കൃപയ്ക്ക് സ്തുതി.

റീശ് കോറെപ്പിസ്ക്കോപ്പ എന്ന നിലയിൽ അഭിനവ മൽപ്പാന് പ്രത്യേകമായ ചില ചിഹ്നങ്ങളും പദവികളും നാം നൽകിയിരിക്കുന്ന കാര്യവും ഏവരെയും അറിയിക്കുന്നു. നമ്മുടെ കർത്താവിന്റെ കുരിശ് നാട്ടിയ വടിയും, ശോശപ്പായോടുകൂടിയ സ്ലീബായും, കുരിശ് പതിപ്പിച്ച ശിരോവസ്ത്രവും ഈ സ്ഥാനത്തിന്റെ പ്രത്യേക ചിഹ്നങ്ങളായി നാം നൽകുന്നു. മറ്റു കോറെപ്പിസ്ക്കോപ്പമാർ നിർവഹിക്കുന്ന എല്ലാ വൈദിക ശുശ്രൂഷകളും അനുഷ്ടിക്കുവാൻ അധികാരപ്പെടുത്തുന്നതിനോടൊപ്പം, കോറെപ്പിസ്ക്കോപ്പാമാരിൽ ഒന്നാമനായി (റീശ്) അദ്ദേഹത്തെ ഗണിക്കുകയും, മേൽപ്പട്ടക്കാരുടെ അസാന്നിദ്ധ്യത്തിൽ വി. കുർബാന അർപ്പിക്കുകയും, യാമപ്രാർത്ഥനകളും മറ്റു കൂദാശകളും ശുശ്രൂഷകളും മുഖ്യകാർമ്മികനായി നിന്ന് നയിക്കുകയും ചെയ്യുമ്പോൾ, റുശ്മാകളുടെ സമയത്തും, കുക്കിലിയോൻ ചൊല്ലുമ്പോഴും വടിയും സ്ലീബായും ഉപയോഗിക്കുവാൻ, നാം അനുമതി നൽകുകയും ചെയ്യുന്നു. അതതു ഭദ്രാസന മെത്രാപ്പോലീത്തായുടെ അനുവാദത്തോടെ പെസഹാ വ്യാഴാഴ്ചയിലെ കാൽകഴുകൽ ശുശ്രൂഷ നടത്തുവാനും റീശ് കോറെപ്പിസ്ക്കോപ്പായെ നാം പ്രത്യേകമായി അനുവദിക്കുന്നു. ഈ സ്ഥാനം മലങ്കരമെത്രാപ്പോലീത്തായാൽ തിരഞ്ഞെടുക്കപ്പെടുന്ന മലങ്കരമൽപ്പാന് മാത്രം നൽകപ്പെടേണ്ടതാണ് എന്ന് നാം നിജപ്പെടുത്തിയിരിക്കുന്നു.

വാത്സല്യ മക്കളേ, മലങ്കരമൽപ്പാൻ കോനാട്ട് ഡോ. ജോൺസ് റീശ് കോറെപ്പിസ്ക്കോപ്പ തന്റെ വിളിയുടെ ഉദ്ദേശ്യമനുസരിച്ച് ദിവ്യ രഹസ്യങ്ങളുടെ നല്ല ശുശ്രൂഷകനും, ജനസമൂഹത്തിന്റെ ചുമതലാബോധമുള്ള ഗൃഹവിചാരകനും പരിപാകതയുള്ള ഭരണകർത്താവും ആത്മീയനേതാവും സമർത്ഥനായ മൽപ്പാനുമായി വർത്തിക്കുവാൻ ദൈവത്തോടു നിങ്ങൾ മുട്ടിപ്പായി പ്രാർത്ഥിക്കണം. ഇദ്ദേഹത്തിന്റെ സ്ഥാനത്തിന് വിഹിതമായിരിക്കുന്ന ബഹുമാനാദരവുകൾ കാണിക്കുവാൻ നിങ്ങൾ കടപ്പെട്ടവരാകുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടി എല്ലായ്പ്പോഴും ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാമിന്റെയും, ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും, യൽദോ മാർ ബസേലിയോസിന്റെയും, മാർ ഗ്രിഗോറിയോസിന്റെയും, മാർ ദിവന്നാസ്യോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2024 ഏപ്രിൽ മാസം 30-ാം തീയതി

കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്ന്.